(ജി) അവശേഷിക്കുന്ന നിയമങ്ങൾ എന്നത്തേയ്ക്ക് യൂണിഫൈ ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വിവിധ നിയമങ്ങൾ യൂണിഫൈ ചെയ്യണമെന്ന് നിഷ്കർഷിച്ചു കൊണ്ടുള്ള വ്യക്തമായ വ്യവസ്ഥകൾ ബിസിനസ് റൂൾസിൽ ഇല്ല. എന്നാൽ റൂൾസ് ഓഫ് ബിസിനസ്സിലെ 54-ാം ചട്ടത്തിൽ നിലവിലുള്ള നിയമങ്ങൾ ക്രോഡീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഇപ്രകാരം പറയുന്നു.

"Notwithstanding anything contained in Rule 44, measures designed solely to codify and consolidate existing enactments and legislation of a formal character such as repealing and amending Bills may be initiated in the Law Department:

Provided that the Law Department shall send a copy of the draft Bill to the Department which is concerned with the subject matter. for consideration as an administrative measure and the Department to which it is sent shall forthwith make such enquiries as it thinks fit and shall sent to the Law Department its opinion thereon together with a copy of every communication received by it on the subject." ;

കൂടാതെ പ്രസ്തുത ചട്ടങ്ങളിലെ രണ്ടാം ഭാഗത്തിൽ വകുപ്പുകൾക്കായി നൽകിയിരിക്കുന്ന ബിസിനസ്സിൽ ഇപ്രകാരം നിയമം ക്രോഡീകരിക്കുന്ന ജോലി നാലാം ഇനമായി നിയമവകുപ്പിന് നൽകിയിട്ടുണ്ട്.

(ബി) നിയമ വകുപ്പാണ് ഈ വിഷയം കൈകാര്യം ചെയ്യേണ്ടത്.

(സി-ജി) ഇതു സംബന്ധിച്ച് നിയമ പരിഷ്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്.

നിയമവകുപ്പിൽ വ്യാജ നിയമനം നേടിയവർക്കെതിരെ നടപടി

193 (2293) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-2004 കാലഘട്ടത്തിൽ പുന ഭാരതി വിദ്യാപീഠ് ഡീംഡ് യൂണിവേഴ്സിറ്റിയിൽ നിന്നും റഗുലറായി പഠിച്ച് നിയമ ബിരുദം നേടിയ ആരെങ്കിലും നിയമവകുപ്പിൽ ജോലി ചെയ്യുന്നുണ്ടോ ; എങ്കിൽ എത്ര പേർ ;

(ബി) ഇവരുടെ പേർ വിവരം വെളിപ്പെടുത്തുമോ ;

(സി) ഇതിൽ ആരെങ്കിലും 2001-2004 കാലഘട്ടത്തിൽ സർക്കാർ സർവ്വീസിൽ ഫുൾടൈം തസ്തികയിൽ ജോലി നോക്കിയിരുന്നോ ; എങ്കിൽ ഏത് തസ്തികയിൽ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ലീവ് എടുത്തിട്ടാണോ ഇവർ പ്രസ്തുത കോഴ്സിന് പഠിച്ച് ബിരുദം നേടിയത് ;

(ഇ) ഇവർ സർക്കാർ സർവ്വീസിൽ ഇരിക്കേ ലീവ് എടുക്കാതെ പൂനയിൽ മൂന്ന് വർഷത്തെ ഫുൾടൈം റഗുലർ കോഴ്സിന് പഠിച്ച് ബിരുദം നേടി നിയമവകുപ്പിൽ വ്യാജനിയമനം നേടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ;

(എഫ്) ഈ വ്യാജനിയമനത്തിന് നിയമവകുപ്പിൽ കൂട്ടുനിന്ന ഉദ്യോഗസ്ഥർ ആരെല്ലാം ;

(ജി) ഇവർക്കെതിരെ എന്ത് ശിക്ഷാ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്, ഒരാൾ

(ബി) ശ്രീ. ഗിരീഷ് കുമാർ ജി.

(സി) ഉണ്ട് വാച്ച്മാൻ പ്യൂൺ എന്നീ തസ്തികകളിൽ

(ഡി-ജി) ലീഗൽ അസിസ്റ്റന്റായ ശ്രീ. ഗിരീഷ് കുമാറിനെ അന്വേഷണത്തിനും അച്ചടക്ക നടപടിക്കും വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരിക്കുകയാണ്. അന്വേഷണ നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

നിയമവകുപ്പിലെ ഉദ്യോഗസ്ഥരെ ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള മാനദണ്ഡം

194 (2294) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) നിയമവകുപ്പിലെ ജീവനക്കാരെ മറ്റേതെല്ലാം സർക്കാർ വകുപ്പുകളിലേക്കും പൊതുമേഖലാ സ്ഥാപനങ്ങളിലേക്കും ആണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ട്രാൻസ്ഫർ വ്യവസ്ഥയിലും സ്ഥലം മാറ്റി നിയമിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിലേയ്ക്ക് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അംഗീകൃത സർവ്വീസ് സംഘടനകളുടെ ഭാരവാഹികൾക്ക് സെക്രട്ടേറിയറ്റിൽ തന്നെ പോസ്റ്റിംഗ് നൽകണമെന്ന മാനദണ്ഡം നിലവിലുണ്ടായിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly